ഏതദ്ധാരയമാണസ്തു യംയം പശ്യതി ചക്ഷു ഷാ
പദാവാ സംസ്പൃശേത്സദ്യ: സാധ്വസാത് സ വിമുച്യതേ **(6-8-36)**
ന കുതശ്ചിദ്ഭയം തസ്യ വിദ്യാം ധാരയതോ ഭവേത്
രാജദസ്യുഗ്രഹാദിഭ്യോ വ്യാഘ്രാദിഭ്യശ്ച കർഹിചിത് **(6-8-37)**

ശുകമുനി തുടർന്നു: ദേവഗുരുവായ വിശ്വരൂപൻ ഇന്ദ്രന് നാരായണകവചം ഉപദേശിച്ചു. ആപത്തു നേരിടേണ്ടി വരുമ്പോൾ ഭക്തനായ ഒരുവൻ കുളികഴിഞ്ഞ് വടക്കോട്ടു ദർശനമായിരുന്ന് നാരായണകവചം ചൊല്ലണം. ഭഗവാൻ നാരായണൻെറ ഏറ്റവും ദിവ്യമായ പ്രാർത്ഥനയാണിത്. നിഗൂഢസ്വഭാവമുള്ള ന്യാസപ്രക്രിയയാൽ തൻെറ ശരീരത്തെ ഭഗവൽനാമവുമായി ഏകോപിപ്പിക്കണം. ആത്മാവിനെ പരമാത്മാവും സകല ശക്തികൾക്കും വിദ്യാതപ:തേജസുകൾക്കും ഇരിപ്പിടവുമായി ധ്യാനിച്ച് ഇങ്ങിനെ പ്രാർത്ഥിക്കണം.

"ശ്രീഹരി എനിക്ക് എല്ലാവിധത്തിലും സംരക്ഷയേകട്ടെ. വെള്ളത്തിൽ മത്സ്യാവതാരം, ഭൂമിയിൽ വാമനൻ, ആകാശത്തോളം വലിപ്പമുള്ള ഭഗവൽരൂപം വായുവിൽ, കാട്ടിലും യുദ്ധത്തിലും നരസിംഹം, പാതകളിൽ വരാഹം, വനാന്തരങ്ങളിലും മാമലകളിലും ശ്രീരാമൻ എന്നെ രക്ഷിക്കട്ടെ. എല്ലാ ഹിംസാകർമ്മങ്ങളിലും ഭഗവാൻ നാരായണൻ എന്നെ രക്ഷിക്കട്ടെ. അഹങ്കാരത്തിൽ നിന്നും നരൻ, യോഗമാർഗ്ഗങ്ങളെ അവഗണിക്കുന്നതിൽനിന്നും ദത്തൻ, കർമ്മപാശത്തിൽ നിന്നും കപിലൻ, ആസക്തികളിൽനിന്നും സനത്കുമാരൻ, ദേവതാ നിന്ദനത്തിൽനിന്നും ഹയഗ്രീവൻ, ഭക്തി സാധനയിലെ വീഴ്ച്ചകളിൽനിന്നും നാരദൻ, നരകത്തിൽനിന്നും കൂർമ്മാവതാരം, അസുഖങ്ങളിൽനിന്നും ധന്വന്തരി, ദ്വന്ദഭാവത്തിൽ നിന്നുടലെടുക്കുന്ന ഭയത്തിൽനിന്നും ഋഷഭൻ, അപമാനത്തിൽനിന്നും യജ്ഞമ, ആൾക്കൂട്ടത്തിൽനിന്നും ബലരാമൻ, സർപ്പങ്ങളിൽനിന്നും ശേഷൻ, അജ്ഞതയിൽനിന്നും വ്യാസൻ, മതനിന്ദയിൽനിന്നും ബുദ്ധൻ, കലികാല പാപങ്ങളിൽനിന്നും കൽക്കി എന്നെ രക്ഷിക്കട്ടെ. പ്രഭാതത്തിൽ കേശവൻ തൻെറ ഗദയാൽ എന്നെ രക്ഷിക്കട്ടെ. ഗോവിന്ദൻ തൻെറ പുല്ലാങ്കുഴലിനാൽ സൂര്യോദയസമയത്തും നാരായണൻ രാവിലേയും ഭഗവാൻ വിഷ്ണു തൻെറ ചക്രത്തിനാൽ ഉച്ചനേരത്തും, മധുസൂദനൻ തൻെറ വില്ലിനാൽ ഉച്ചതിരിഞ്ഞും, മാധവൻ സന്ധ്യാനേരത്തും, രാത്രിയുടെ ആദ്യയാമത്തിൽ ഋഷീകേശനും, രണ്ടാം യാമത്തിൽ ശ്രീപത്മനാഭനും, നാലാം യാമത്തിൽ ശ്രീവത്സനും, അന്ത്യയാമത്തിൽ വാളും ചുഴറ്റി ജനാർദ്ദനനും, പ്രാത: സന്ധ്യയിൽ ദാമോദരനും, പുലരിയിൽ വിശ്വേശ്വരനും എന്നെ രക്ഷിക്കട്ടെ.

അല്ലയോ ഭഗവാനാൽ ചുഴറ്റപ്പെട്ട ചക്രമേ, എല്ലാ ശത്രുക്കളെയും എരിച്ചാലും, ഗദേ ശത്രുക്കളെ ഞെരിച്ചാലും, ശക്തിയേറിയ ശബ്ദത്താൽ ശംഖേ ദുർദ്ദേവതകളെ അകറ്റിയാലും, ഭഗവൽകരത്തിലമരുന്ന വാളേ എൻെറ ശത്രുക്കളെ നശിപ്പിച്ചാലും, എന്നിൽ ഭയമുണ്ടാക്കുന്ന എല്ലാ ശത്രുക്കളേയും പാപങ്ങളേയും ഭഗവന്നാമ മഹിമയിൽ ഇല്ലാതാക്കിയാലും."

അല്ലയോ ഇന്ദ്രാ, ഈ പ്രാർത്ഥന നിങ്ങൾക്ക് അഭയവും ശത്രുസംഹാരവീര്യവും നൽകും. ഏതൊരാൾ ഈ നാരായണകവചം ധരിക്കുന്നുവോ അവന് താൻ നോക്കുന്നവകളിൽ നിന്നോ താൻ തൊടുന്നവകളിൽനിന്നോ ഉള്ള ഭയത്തിൽ നിന്ന് മോചനമുണ്ടാവുന്നു. അവന് രാജാക്കന്മാരിൽ നിന്നോ, കള്ളൻമാരിൽനിന്നോ, ദുർദ്ദേവതകളിൽനിന്നോ, ഗ്രഹങ്ങളിൽ നിന്നോ, വന്യജീവികളിൽ നിന്നോ, അന്യശത്രുക്കളിൽ നിന്നോ ഭയമുണ്ടാവുന്നതല്ല.

ഈ പ്രാർത്ഥനയുടെ ശക്തിയാലാണ് ഇന്ദ്രൻ തൻെറ ശത്രുക്കളെ വെന്നത്.